ഉത്തരം

(എ) ഇവിടെ പല കൃഷിക്കാർക്കും ലാൻറ് ബോർഡിൽകൂടി ഭൂമിക്ക് സ്ഥിരാവകാശം നൽകിയിട്ടുണ്ട്.

(ബി) സാധാരണയായി ക്രയവില മുഴുവൻ അടഞ്ഞുകഴിയുമ്പോഴാ മാത്രമാണ് ഭൂമിയെ സംബന്ധിച്ച തണ്ടപ്പേർ അക്കൗണ്ട് വില്ലേജാഫീസുകളിൽ തുടങ്ങുന്നത്. അതുകൊണ്ട് ക്രയവില മുഴുവൻ അടയാത്ത വസ്തുക്കളുടെ കരംവാങ്ങുന്നതിന് വില്ലേജാഫീസുകളിൽ ബുദ്ധിമുട്ടുണ്ടാകാറുണ്ട്.

(സി) രേഖാമൂലം പതിച്ചുകൊടുത്ത മിച്ചഭൂമിയുടെ കാര്യത്തിൽ ക്രയവില മുഴുവൻ അടച്ചുതീരുന്നതുവരെ കാത്തിരിക്കാതെ കരം വാങ്ങിക്കൊള്ളുവാൻ വില്ലേജാഫീസറൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ള കേന്ദ്രങ്ങൾ

1173 [1867] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലം എത്ര ഏക്കറാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഏക്കർ ഏറ്റെടുത്തു;

(സി) ഏറ്റെടുത്തതിൽ എത്ര ഏക്കർ വിതരണം ചെയ്തു;

(ഡി) പ്രഖ്യാപിച്ചതിൽ ഏറ്റെടുക്കാത്ത ഭൂമി എത്ര; ഭൂമി ഏറ്റെടുക്കാത്തതിനുള്ള കാരണമെന്താണ്;

(ഇ) വിതരണം ചെയ്തതിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി എത്ര ഏക്കർ നൽകി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 10588.41 ഏക്കർ.

(ബി) 10189.21 ഏക്കർ.

(സി) 8422.53 ഏക്കർ.

(ഡി) 10399.20 ഏക്കർ.

പൊക്കോടതിയിൽനിന്ന് ലഭിച്ചിട്ടുള്ള സ്റേ ഉത്തരവുകളുംമൂലവും ചിലയിനം ഇഷ്ടദാനങ്ങളെ സാധൂകരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള നിയമനിർമ്മാണത്തിൽപ്പെട്ടതിനാലും, വനം മുതലായ മറ്റു വകുപ്പുകളുമായി ചില വിശദീകരണങ്ങൾക്ക് എഴുത്തുകുത്തുകൾ നടന്നുകൊണ്ടിരിക്കുന്നതിനാലും ആണ് ഭൂമി ഏറ്റെടുക്കാതിരുന്നിട്ടുള്ളത്.

(ഇ) എസ്.സി. 3626.70 ഏക്കർ
എസ്.റ്റി. 669.11 ,,
4295.81 ,,

LIBRARY ARCHIVES Kerala Legislative Assembly